REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പ്രചാരണം അവസാന ലാപ്പിൽ. നാളെ കൊട്ടിക്കലാശം. വോട്ടെടുപ്പ് ബുധനാഴ്ച.
- നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും ഝാർഘണ്ഡിലും പ്രചാരണം ഊർജിതം
- സംസ്ഥാനത്ത് സീപ്ലെയിൻ സർവീസിന് നാളെ തുടക്കം.
- പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്ര താരം ഡൽഹി ഗണേഷ് അന്തരിച്ചു.
- സംസ്ഥാന സ്കൂൾ കായികമേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം.
- കോഴിക്കോട്ട് കേരള സൂപ്പർ ലീഗ് ഫുട്ബോൾ കലാശപ്പോരാട്ടത്തിൽ കാലിക്കറ്റ് FC ഇന്ന് ഫോഴ്സ കൊച്ചിയെ നേരിടും.

## വാർത്തകൾ വിശദമായി

ബുധനാഴ്ച ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പ്രചാരണം അവസാന ലാപ്പിലേക്ക് കടന്നു. ഈ മണ്ഡലങ്ങളിൽ പരസ്യപ്രചാരണം നാളെ വൈകീട്ട് അഞ്ചിന് അവസാനിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്.

അവസാനവട്ട പ്രചാരണത്തിന്റെ തിരക്കിലാണ് വയനാട്, ചേലക്കര മണ്ഡലങ്ങളിലെ മുന്നണി പ്രവർത്തകരും സ്ഥാനാർഥികളും.

കൽപ്പാത്തി രഥോത്സവത്തെ തുടർന്ന് ഉപതിരഞ്ഞെടുപ്പ് 20ലേക്ക് നീട്ടിയ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ 18നാണ് കൊട്ടിക്കലാശം.

ഈ മാസം 23 നാണ് മൂന്ന് മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

വയനാട് ലോക്സഭാമണ്ഡലത്തിൽ പ്രചാരണം കൊഴുപ്പിക്കാൻ UDF സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി ഇന്നും, രാഹുൽഗാന്ധി നാളെയും എത്തിച്ചേരും.

LDF സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം മാനന്തവാടി നിയമസഭാ മണ്ഡലത്തിലും, NDA സ്ഥാനാർഥി നവ്യാ ഹരിദാസിന്റെ പ്രചാരണം ഇന്ന് തിരുവമ്പാടി മണ്ഡലത്തിലുമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ്.

.......(വോയ്സ്)................

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണത്തിനായി ഇന്ന് പാലക്കാട്ടെത്തും. വൈകിട്ട് അഞ്ചിന് മേപ്പറമ്പിലെ UDF കൺവൻഷനിൽ അദ്ദേഹം പ്രസംഗിക്കും. രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണം രാവിലെ ബുള്ളറ്റ് ബൈക്ക് റാലിയോടെ കോട്ടമൈതാനത്തു നിന്ന് ആരംഭിച്ചു.

NDA സ്ഥാനാർത്ഥി C കൃഷ്ണകുമാറിന്റെ പ്രചാരണത്തിനായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും പാലക്കാട്ടെത്തും. സ്ഥാനാർത്ഥിയുടെ വികസന രേഖ വൈകിട്ട് അദ്ദേഹം പ്രകാശനം ചെയ്യും. BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രനും മണ്ഡല പര്യടനത്തിൽ സജീവമാണ്.

LDF സ്ഥാനാർത്ഥി P സരിന്റെ പ്രചാരണം രാവിലെ തുടങ്ങി. നഗര പ്രദേശങ്ങളിലാണ് സരിന്റെ പര്യടനം. CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ഉൾപ്പെടെ മുതിർന്ന മുന്നണി നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനായി ക്യാമ്പു ചെയ്യുന്നുണ്ട്.

✪✪✪

പ്രചാരണം അവസാനഘട്ടത്തിൽ എത്തി നിൽക്കെ ചേലക്കര മണ്ഡലത്തിൽ മുൻനിര നേതാക്കൾ എല്ലാം തന്നെ പ്രചാരണത്തിന് എത്തിക്കഴിഞ്ഞു.

എൽ ഡി എഫ് സ്ഥാനാർത്ഥി യു ആർ പ്രദീപിനായി മുഖ്യമന്ത്രി പിണറായി വിജയൻ അവസാനഘട്ട പ്രചരണത്തിനെത്തി. യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം അവസാനഘട്ടത്തിലാണ്.

NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണൻ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് പ്രചാരണം നടത്തുന്നത്.

✪✪✪

CPIM ന്റെ ചരിത്രത്തിലെ അവസാന മുഖ്യമന്ത്രിയായിയിരിക്കും പിണറായി വിജയനെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. പാലക്കാട്ട് പെട്ടിവിവാദമുണ്ടാക്കിയ CPIM അത് വലിച്ചെറിഞ്ഞ് ഓടുന്ന കാഴ്ച പരിഹാസ്യമാണെന്നും സതീശൻ പാലക്കാട്ട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് എവിടെയും കുടിയൊഴിപ്പിക്കൽ പ്രോത്സാഹിപ്പിക്കില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പറഞ്ഞു. മുനമ്പത്ത് BJP, വർഗീയ ധ്രുവീകരണത്തിന് ശ്രമിക്കുകയാണെന്ന് അദ്ദേഹം പാലക്കാട് കുറ്റപ്പെടുത്തി.

പാലക്കാട്ടെ കള്ളപ്പണ വിവാദത്തിൽ ശക്തമായ അന്വേഷണം വേണമെന്നാണ് പാർട്ടി നിലപാടെന്നും കേസ് രജിസ്റ്റർ ചെയ്തോ ഇല്ലയോ എന്നൊന്നും നോക്കേണ്ടെന്നും, കോൺഗ്രസും BJP യും കള്ളപ്പണം ഉപയോഗിക്കുന്നുണ്ടെന്നും MV ഗോവിന്ദൻ ആരോപിച്ചു.

✪✪✪

മതാടിസ്ഥാനത്തിൽ ജനതയെ വിഭജിക്കുന്നവരിൽ നിന്നും ഇന്ത്യയെ തിരിച്ചുപിടിക്കണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ് പറഞ്ഞു. ഇന്ത്യ എന്ന ആശയത്തെ കേന്ദ്രീകരിച്ച് കൽപ്പറ്റയിൽ UDF അഭിഭാഷക സംഘടനകൾ സംഘടിപ്പിച്ച പ്രഫഷണൽ മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ വിവിധ പാർട്ടികൾ പ്രചാരണം സജീവമാക്കി. BJP-യുടെ പ്രകടനപത്രിക കേന്ദ്ര

ആഭ്യന്തര മന്ത്രി അമിത് ഷായും മഹാ വികാസ് അഘാഡിയുടെ പ്രകടനപത്രിക കോൺഗ്രസ് അധ്യക്ഷൻ മാലികാർജുൻ ഖാർഗെയും ഇന്ന് മുംബൈയിൽ പുറത്തിറക്കും. എൻസിപി, ശിവസേന എന്നീ പാർട്ടികളും പ്രചാരണം ഊർജിതമാക്കി.

ഝാർഖണ്ഡിൽ  ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബൊക്കാറോയിലും ഗർവായിലും  രണ്ട് റാലികളെ അഭിസംബോധന ചെയ്യും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ വിവിധ യോഗങ്ങളിൽ പങ്കെടുത്തിരുന്നു.

✪✪✪

സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് ഊർജം പകർന്ന്  സീപ്ലെയിൻ സർവീസിന് നാളെ തുടക്കം. 9 പേരെ വഹിക്കാവുന്ന വിമാന സർവീസ് നാളെ രാവിലെ മന്ത്രി പി എ മുഹമ്മദ് റിയാസ് ബോൾഗാട്ടി മറീനയിൽ നടക്കുന്ന ചടങ്ങിൽ ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന് മാട്ടുപ്പെട്ടി ജലാശയത്തിൽ ഇറങ്ങുന്ന വിമാനം കൊച്ചി വിമാനത്താവളത്തിൽ തിരികെ എത്തി ഇന്ധനം നിറച്ച ശേഷം അഗത്തിയിലേക്ക് പോകും.

സീ പ്ലെയിനിന്റെ പരീക്ഷണപറക്കലുമായി ബന്ധപ്പെട്ട് കൊച്ചി ബോൾഗാട്ടി മറീനയിലും പരിസരത്തും ബോട്ടുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയതായി എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് അറിയിച്ചു.

✪✪✪

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് ഇന്ന് പദവിയിൽ നിന്ന് വിരമിക്കും. 2022 നവംബറിലാണ് DY ചന്ദ്രചൂഡ് ചുമതലയേറ്റത്. പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ  ചുമതലയേൽക്കും. സുപ്രീംകോടതിയുടെ 51-ാമത്  ചീഫ് ജസ്റ്റിസായാണ് സഞ്ജീവ് ഖന്ന എത്തുന്നത്.

✪✪✪

ഇന്ന് ലോക രോഗ പ്രതിരോധ  ദിനം. വാക്സിനേഷൻ എടുക്കുന്നതിന്റെ ഗുണങ്ങളെക്കുറിച്ചും  ദീർഘകാലാടിസ്ഥാനത്തിൽ അത് എങ്ങനെ രോഗങ്ങളെ തടയാമെന്നതിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

2012ലാണ് ലോകാരോഗ്യ സംഘടന നവംബർ 10 ലോക പ്രതിരോധ ദിനമായി പ്രഖ്യാപിച്ചത്.

✪✪✪

**പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്ര താരം ഡൽഹി ഗണേഷ് ചെന്നൈയിൽ അന്തരിച്ചു- 80 വയസ്സായിരുന്നു. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു അന്ത്യം. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലായി 400 ലേറെ സിനിമകളിൽ ശ്രദ്ധേയ വേഷങ്ങൾ ചെയ്തിട്ടുണ്ട്.**

**ദേവാസുരം, കൊച്ചി രാജാവ്, കാലാപാനി, പോക്കിരിരാജ തുടങ്ങിയ മലയാള ചിത്രങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച നടനായിരുന്നു ഡൽഹി ഗണേഷ്.**

**ഇന്ത്യൻ വ്യോമ സേനയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് ചെന്നൈയിൽ നടത്തും.**

✪✪✪

**ഇന്ത്യയുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവമായ ഗോവ ചലച്ചിത്ര മേളയ്ക്ക് ഈ മാസം 21-ന് തിരി തെളിയും. ഗോവ പൻജിമിലെ കടൽത്തീരത്ത് സ്ഥിതി ചെയ്യുന്ന കലാ അക്കാദമിയാണ് മേളയുടെ പ്രധാന കേന്ദ്രമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു.**

✪✪✪

**കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായികമേളയിൽ 223 സ്വർണവും 148 വെള്ളിയും 161 വെങ്കലവുമായി 1905 പോയിന്റോടെ തിരുവനന്തപുരം ഏറെ മുന്നിൽ. തൃശൂർ 74 സ്വർണ്ണവും 64 വെള്ളിയും 93 വെങ്കലവുമായി 780 പോയിന്റോടെ രണ്ടാം സ്ഥാനത്തും, 59 സ്വർണവും, 74 വെള്ളിയും 126 വെങ്കലവുമായി 717 പോയിൻറ് നേടിയ മലപ്പുറം മൂന്നാം സ്ഥാനത്തുമാണ് .**

**അത്‌ലറ്റിക്സ് വിഭാഗത്തിൽ 62 ഇനങ്ങൾ പിന്നിട്ടപ്പോൾ 17 സ്വർണ്ണവും 17 വെള്ളിയും, 14 വെങ്കലവുമായി മലപ്പുറം ജില്ല കുതിപ്പ് തുടരുന്നു. 110 പോയിന്റോടെ പാലക്കാട് രണ്ടാം സ്ഥാനത്തും, 49 പോയിൻറ് ഓടെ എറണാകുളം മൂന്നാം സ്ഥാനത്തുമാണ്.**

✪✪✪

**നാവികസേനയുടെ നേതൃത്വത്തിൽ നടന്ന മൂന്നാമത് തിൻക്യൂ 2024 ക്വിസ് മത്സരത്തിൽ ജയ്പൂർ ജയശ്രീ പെരിവാൾ ഹൈസ്കൂൾ**

ജേതാക്കളായി. ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിലായിരുന്നു ഫൈനൽ മത്സരം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

......(VOICE).............

✪✪✪

കോഴിക്കോട്ട് കേരള സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനലിൽ കാലിക്കറ്റ് FC രാത്രി എട്ടിന് ഫോഴ്സ കൊച്ചിയെ നേരിടും. കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

ആകാശവാണി പ്രതിനിധി എം സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.

.....വോയ്സ്....

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക രണ്ടാം ട്വന്റി ട്വന്റി ക്രിക്കറ്റ് മത്സരം വൈകിട്ട് ഏഴരക്ക് ജോഹന്നാസ് ബർഗിലെ സെന്റ് ജോർജ് പാർക്കിൽ നടക്കും. ആദ്യ മത്സരത്തിൽ 61 റൺസിന്റെ ആധികാരിക ജയം നേടിയ ആത്മവിശ്വാസവുമായാണ് ടീം ഇന്ത്യ മത്സരത്തിനിറങ്ങുന്നത്.

✪✪✪

കണ്ണൂർ ജില്ലാ ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ് ഇന്ന് തലശ്ശേരി സായി സെന്ററിൽ നടക്കും. പന്ത്രണ്ടിൽപ്പരം വിഭാഗങ്ങളിലായി നൂറോളം ജിംനാസ്റ്റുകൾ മത്സരിക്കും.

✪✪✪